# വിഷൻ 2016 സ്കോളർ സ്കൂളിന് തറക്കല്ലിട്ടു



▪ *സ്കോളർ സ്കൂൾ തറക്കല്ലിടൽ ചടങ്ങിനെത്തിയ പ്രണബ് മുഖർജി വേദിയിൽ*


**വിഷൻ** 2016-ന്റെ ഭാഗമായി കൊൽക്കത്തക്കടുത്ത ബഗ്നാൻ ഗ്രാമത്തിൽ സ്കോളർ സ്കൂളിന് തറക്കല്ലിട്ടു. കേന്ദ്ര ധനകാര്യമന്ത്രി പ്രണബ് മുഖർജിയാണ് തറക്കല്ലിടൽ കർമം നിർവഹിച്ചത്. സ്കൂളിന്റെ സംഘാടകരായ ഹ്യൂമൻ വെൽഫെയർ ഫൗണ്ടേഷനെ അഭിനന്ദിച്ച അദ്ദേഹം സാങ്കേതികജ്ഞാനമില്ലാതെ പുതിയ കാലത്ത് മുന്നേറ്റം അസാധ്യമായിരിക്കുമെന്ന് അഭിപ്രായപ്പെട്ടു. ഇത്തരം ഒരു സ്ഥാപനം തുടങ്ങാൻ ബഗ്നാൻ ഗ്രാമത്തെ തെരഞ്ഞെടുത്തതിൽ നന്ദി പറഞ്ഞ കേന്ദ്ര ടൂറിസം സഹമന്ത്രി സുൽത്താൻ അഹ്മദ് തന്റെ എം.പി ഫണ്ടിൽ നിന്ന് 10 ലക്ഷം രൂപ സ്കൂളിന് വാഗ്ദാനം ചെയ്തു. ബംഗാൾ കോൺഗ്രസ് പ്രസിഡന്റ് മാനസ് ബുഇയ, എച്ച്. അബ്ദുർറഖീബ്, ജമാഅത്തെ ഇസ്ലാമി സംസ്ഥാന അമീർ റഹ്മത് അലിഖാൻ, സംസ്ഥാന സെക്രട്ടറി ഡോ. മസീഹുറഹ്മാൻ, പ്രദീപ് ഭട്ടാചാര്യ, അസിത് മിത്ര തുടങ്ങിയവർ സംബന്ധിച്ചു.

# ഇസ്രയേൽ അംബാസഡറുടെ പരാമർശം: രാജസ്ഥാനിൽ പ്രതിഷേധം

**രാജസ്ഥാൻ** സന്ദർശിച്ച ഇസ്രയേൽ അംബാസഡർ നടത്തിയ പരാമർശം സംസ്ഥാനത്തെ മുസ്ലിം നേതാക്കളുടെ ശക്തമായ പ്രതിഷേധത്തിനിടയാക്കി. ജയ്പൂരിനടുത്ത് ബാസി പട്ടണത്തിൽ ഒരു ഇന്തോ-ഇസ്രയേൽ കാർഷിക പദ്ധതിയുടെ ഉദ്ഘാടനത്തിന് പോകവെ, അജ്മീർ ദർഗ സന്ദർശിച്ച അംബാസഡർ മാർക്ക് സോഫറിന്റെ പ്രസ്താവനയാണ് വിമർശനമുയരാൻ കാരണമാക്കിയത്. 'ഇസ്രയേലിന് ഇസ്ലാമുമായി സംഘട്ടനമില്ല' എന്നാണ് അദ്ദേഹം പറഞ്ഞത്. ഇത് ആത്മാർഥതയില്ലാത്ത പ്രസ്താവനയാണെന്നും ഇസ്രയേൽ അനുദിനം അനുവർത്തിച്ചുക്കൊണ്ടിരിക്കുന്നത് ഇസ്ലാമിനും ഫലസ്തീനീ മുസ്ലിംകൾക്കും എതിരായ നയമാണെന്നും രാജസ്ഥാൻ മുസ്ലിം ഫോറം നേതാക്കളായ ഖാരി മുഈനുദ്ദീനും എഞ്ചിനീയർ മുഹമ്മദ് സലീമും പ്രതികരിച്ചു. ഇന്തോ-ഇസ്രയേൽ കാർഷിക പദ്ധതിയിൽനിന്ന് പിന്തിരിയണമെന്നും പ്രതിരോധരംഗത്ത് ഇസ്രയേലുമായി സഹകരിക്കുന്നത് അവസാനിപ്പിക്കണമെന്നും അവർ സർക്കാറിനോട് ആവശ്യപ്പെട്ടു.



◄ ***എഞ്ചിനീയർ മുഹമ്മദ് സലീം***



# ദയൂബന്ദ് റെക്ടർ അന്തരിച്ചു

**പ്രശസ്ത** ഇസ്ലാമിക കലാലയമായ ദാറുൽ ഉലൂം ദയൂബന്ദിന്റെ റെക്ടർ മൗലാനാ മർഗൂബുർറഹ്മാൻ അന്തരിച്ചു. 96 വയസ്സായിരുന്നു. വാർധക്യസഹജമായ രോഗങ്ങളാൽ ഏതാനും മാസങ്ങളായി കിടപ്പിലായിരുന്നു. ഉത്തർപ്രദേശിലെ ബിജ്നോരിൽ 1914-ൽ ജനിച്ച അദ്ദേഹം 1929-ലാണ് ദാറുൽ ഉലൂമിൽ വിദ്യാർഥിയായി ചേരുന്നത്. 1962-ൽ ശൂറാ അംഗമായി നിയമിതനായ അദ്ദേഹം 1981 മുതൽ സ്ഥാപനത്തിന്റെ റെക്ടർ ആണ്. ഖബ്റടക്കം ദയൂബന്ദിൽ നടന്നു.

## 'ഇസ്‌ലാമിക് ബാങ്കിംഗ് അനുവദിക്കണം'

**ഇന്ത്യയിൽ** ഇസ്‌ലാമിക് ബാങ്കിംഗിന് അനുവാദം നൽകണമെന്ന് ഇന്ത്യൻ സെന്റർ ഫോർ ഇസ്‌ലാമിക് ഫിനാൻസ് ജന. സെക്രട്ടറി എച്ച്. അബ്ദുർറഖീബ് പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക സമിതിയംഗവും രാജസ്ഥാൻ ആസൂത്രണ ബോർഡ് ഉപാധ്യക്ഷയുമായ പ്രഫ. വി.എസ് വ്യാസിനോട് ആവശ്യപ്പെട്ടു. എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതും വളർച്ചയെ ത്വരിതപ്പെടുത്തുന്നതുമാണ് ഇസ്‌ലാമിക് ബാങ്കിംഗ് എന്നും അബ്ദുർറഖീബ് പറഞ്ഞു.



*പ്രഫ. വി.എസ് വ്യാസ്*

## 'മധ്യപ്രദേശിൽ 10 ശതമാനം മുസ്‌ലിം സംവരണം വേണം'

**രംഗനാഥമിശ്ര** കമീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിൽ മധ്യപ്രദേശിൽ മുസ്‌ലിംകൾക്ക് വിദ്യാഭ്യാസ-തൊഴിൽ രംഗങ്ങളിൽ 10 ശതമാനം സംവരണം ഏർപ്പെടുത്തണമെന്ന് ജംഇയ്യത്തുൽ ഉലമായെ ഹിന്ദ് സംസ്ഥാന പ്രസിഡന്റ് ഹാജി മുഹമ്മദ് ഹാറൂൺ ആവശ്യപ്പെട്ടു. കേരള, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിൽ വളരെ നേരത്തെ നിലവിലുള്ളതും ആന്ധ്രപ്രദേശ്, പശ്ചിമ ബംഗാൾ സംസ്ഥാനങ്ങളിൽ പുതുതായി നടപ്പാക്കാനിരിക്കുന്നതുമായ സംവരണം എന്തുകൊണ്ട് മധ്യപ്രദേശിൽ ഇല്ല എന്ന് അദ്ദേഹം ചോദിച്ചു.




## ജമാഅത്തെ ഇസ്‌ലാമി യൂത്ത് വിംഗ് വീട് നിർമിച്ചു നൽകി

കർണാടകയിലെ ജമാഅത്തെ ഇസ്‌ലാമി യൂത്ത് വിംഗ് നിരാലംബയായ ഒരു സ്ത്രീക്ക് വീട് നിർമിച്ചു നൽകി. ബെൽത്തങ്ങാടി മുണ്ടുരൂവിലെ ജനതാ കോളനിയിലെ ഐസാമ്മക്കാണ് വീട് നൽകിയത്. 1.6 ലക്ഷം രൂപയാണ് നിർമാണചെലവ്. ബെൽത്തങ്ങാടി എം.എൽ.എ വസന്ത് കുമാർ ബംഗാര താക്കോൽദാനം നിർവഹിച്ചു. സർക്കാറുകൾ ഏറ്റെടുത്ത് നടത്തേണ്ട പ്രവർത്തനങ്ങൾ യൂത്ത് വിംഗ് നടത്തുന്നതിനെ അദ്ദേഹം പ്രശംസിച്ചു. 'പട്ടിണിരഹിത സമൂഹം' എന്ന പദ്ധതിക്കു കീഴിലാണ് ഗൃഹനിർമാണം നടത്തിയതെന്ന് യൂത്ത് വിംഗ് ജില്ലാ കൺവീനർ മുഹമ്മദ് കുഞ്ഞി പറഞ്ഞു. ഈ പദ്ധതിക്കു കീഴിൽ 150 കുടുംബങ്ങൾക്ക് ആയിരം രൂപ പ്രതിമാസ പെൻഷനും നൽകുന്നുണ്ട്. ബെൽത്തങ്ങാടി ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് ഹരീഷ് കുമാർ, മേലന്തബേട്ടു ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിമല, തണ്ണീരു പന്ത ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. ഖാസിം അലി, ജില്ലാ പഞ്ചായത്ത് മെമ്പർ കെ.കെ ഷാഹുൽ സംബന്ധിച്ചു.

## എസ്.ഐ.ഒ റിഫോമേഷൻ കപ്പ് ഫുട്ബോൾ

**എസ്.ഐ.ഒ** ദേശീയതലത്തിൽ പ്രവർത്തകർക്കായി ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിക്കുന്നു. റിഫോമേഷൻ കപ്പിനു വേണ്ടിയുള്ള മത്സരങ്ങൾ ഡിസംബർ 22 മുതൽ 25 വരെ മംഗലാപുരം നെഹ്റു ഗ്രൗണ്ടിൽ നടക്കും. കഴിഞ്ഞ വർഷത്തെ ഐ.ലീഗ് പ്ലയർ ഓഫ് ഇയർ മുഹമ്മദ് റാഫി മുഖ്യാതിഥി ആയിരിക്കും. മൂന്ന് ടീമുകൾ വീതമുള്ള മൂന്ന് ഗ്രൂപ്പുകളിൽ പ്രാഥമിക റൗണ്ട് മത്സരങ്ങൾ നടക്കും. പിന്നീട് സൂപ്പർ മൂന്ന് റൗണ്ടിൽ നിന്ന് മികച്ച രണ്ട് ടീമുകൾ തമ്മിൽ ഫൈനൽ മത്സരം നടക്കും. തമിഴ്നാട്, ബീഹാർ, കേരളം എന്നീ സംസ്ഥാനങ്ങൾ എ ഗ്രൂപ്പിലും ബംഗാൾ, കർണാടക, ആന്ധ്ര ബി ഗ്രൂപ്പിലും ഗോവ, ജാർഖണ്ഡ്, രാജസ്ഥാൻ സി ഗ്രൂപ്പിലും മാറ്റുരക്കും. ഇതാദ്യമായാണ് എസ്.ഐ.ഒ ഇത്തരം ഒരു ദേശീയ ടൂർണമെന്റ് സംഘടിപ്പിക്കുന്നത്.

## സർക്കോസിക്കെതിരെ പ്രതിഷേധം

**ഫ്രാൻസിൽ** ശിരോവസ്ത്ര നിരോധം ഏർപ്പെടുത്തിയ പ്രസിഡന്റ് സർക്കോസിയുടെ ഇന്ത്യാ സന്ദർശനത്തിനെതിരെ മുംബൈയിൽ ജമാഅത്തെ ഇസ്‌ലാമി വനിതാ വിഭാഗവും ജി.ഐ.ഒയും സംയുക്തമായി പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചു. ശിരോവസ്ത്ര നിരോധം ജനാധിപത്യത്തിനും മതവിശ്വാസത്തിനും നേരെയുള്ള കൈയേറ്റമാണെന്നും ഇത്തരം നേതാക്കളെ മതസമൂഹങ്ങൾ ഒന്നിച്ച് ജീവിക്കുന്ന ഇന്ത്യൻ പാരമ്പര്യത്തിലേക്ക് ആനയിച്ചുകൊണ്ടുവരരുതെന്നും അവർ ആവശ്യപ്പെട്ടു. ■



**അബ്ബാദ്**